"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കിലെ രാമന്തളി വില്ലേജാഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.1415/2024/RD തീയതി,തിരുവനന്തപുരം, 19-06-2024

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27.03.2024 തീയതിയിലെ LR/11721/2023-LR(G7) നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ രാമന്തളി വില്ലേജാഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം ശക്തമായ മഴയിൽ അപകടവാസ്ഥയിലായതിനെത്തുടർന്ന് ആയതിന്റെ പ്രവർത്തനം താൽക്കാലികമായി 18.07.2022 മുതൽ ശ്രീ.രമേശൻ, തെക്കേ കൊട്ടാരത്തിൽ, രാമന്തളി പി.ഒ. എന്നവരുടെ ഉടമസ്ഥതയിലുള്ളതും രാമന്തളി വില്ലേജിൽ ബ്ലോക്ക് നം.5-ൽ റീസർവ്വെ നമ്പർ 243/126-ൽ ഉൾപ്പെട്ടതുമായ രാമന്തളി ഗ്രാമപഞ്ചായത്തിലെ 13/311 A, 13/311 B എന്നീ നമ്പറിലുള്ളതുമായ കെട്ടിടത്തിൽ മാറ്റി പ്രവർത്തിച്ചു വരികയാണ്.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 26.53 ച.മീ-ന് ആനുപാതികമായി 5,476/- രൂപയും കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 46.26 ച.മീ-ന് ആനുപാതികമായി 9,623/- രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. വില്ലേജ് ജീവനക്കാർക്ക് ഉപയോഗിക്കുന്നതിന് പുറമെ പൊതുജന സൗഹൃദമെന്ന രീതിയിൽ ജനങ്ങൾക്ക് ഇടപഴകുന്നതിനുള്ള സൗകര്യവും ഉള്ള രീതിയിലാണ് വില്ലേജാഫീസുകൾ പ്രവർത്തിച്ചു വരുന്നത് എന്നും വില്ലേജ് റിക്കാർഡുകൾ സൂക്ഷിക്കുന്നതിലേയ്ക്കായി റിക്കാർഡ് റൂം, സർവ്വെ ഉദ്യോഗസ്ഥർക്കുള്ള സൗകര്യവും ആയതുമായി ബന്ധപ്പെട്ട ഹിയറിംഗുകൾക്കും വില്ലേജ് തല ജനകിയ സമിതി, മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ്, മറ്റു വകുപ്പുകളിൽ നിന്നുള്ള വിവര ശേഖരണം എന്നിവയ്ക്കായി അധിക സ്ഥലം ആവശ്യമാണ് എന്നും ആയതിനാൽ ടി കെടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണവും വില്ലേജ് ഓഫീസിന്റെ പ്രവർത്തനത്തിനായി ഉപയോഗിച്ചു വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ രാമന്തളി വില്ലേജാഫീസ് 18.07.2022 മുതൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയ്ക്ക് അനുസൃതമായ വാടകയായ 9,623/- രൂപ നിർണ്ണയിച്ച് നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ

കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ രാമന്തളി വില്ലേജാഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 46.20 ച.മീ-ന് 18.07.2022 മുതൽ 9,623/- (ഒൻപതിനായിരത്തി അറുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) സ്പെഷ്യൽ റെന്റ് ആയി നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
Date: 19-06-2024 15:33:39
സെക്ഷൻ ഓഫീസർ